പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 7.01.2014-ൽ മറുപടിക്ക്

ചോദ്യം നമ്പർ: 653

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ നിരക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി. ദിവാകരൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ, റ്റി.ഇ.എൽ.കെ, റ്റി.റ്റി.പി, എസ്.ഐ.എഫ്.സി. എന്നിവയുടെ ലാഭത്തിൽ ഗണ്യമായ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദമാക്കാമോ? | 2012-13 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ, ടെൽക്, റ്റി.റ്റി.പി, എസ്.ഐ.എഫ്.എൽ. എന്നീ സ്ഥാപനങ്ങളുടെ ലാഭത്തിൽ കുറവുണ്ടായിട്ടുണ്ട്. കമ്പനികളുടെ ലാഭത്തിൽ കുറവുണ്ടാകാനുള്ള കാരണങ്ങളും തുടർന്ന് സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ)

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കെ.എം.എം.എല്ലിൻെറ ലാഭത്തിൽ ഗണ്യമായ കുറവു വന്നിട്ടുണ്ട്. ആഗോള തലത്തിൽ ടൈറ്റാനിയം ഉൽപ്പന്നങ്ങളുടെ ഉൽപാദനശേഷിയിലുണ്ടായ വർദ്ധനവും, ചൈനീസ് വിപണിയിൽ നിന്നുമുണ്ടായ കടുത്ത മത്സരവും മൂലമുണ്ടായ വിലയിടിവാണ് കഴിഞ്ഞ സാമ്പത്തിക വർഷം ലാഭത്തിൽ ഗണ്യമായ കുറവുണ്ടാകാൻ കാരണം. കൂടാതെ പെട്രോളിയം അടക്കമുള്ള അസംസ്കൃത വസ്തുക്കളുടെ വിലയിലുണ്ടായ വർദ്ധനവും ലാഭം കുറയുവാനുള്ള മറ്റൊരു പ്രധാന കാരണമാണ്.

ഉൽപാദനചെലവ് കുറയ്ക്കുന്നതിനും പ്ലാൻറിൻെറ പൂർണ്ണമായ ഉൽപാദനക്ഷമത കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ദീർഘകാലാടിസ്ഥാനത്തിൽ ചെലവു കുറയ്ക്കുന്നതിനുപയുക്തമായ പ്രോജക്ടുകൾ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. മാർക്കറ്റ് സംവിധാനം ശാസ്ത്രീയമായി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

## സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (എസ്.ഐ.എഫ്.എൽ.)

10 ടൺ ഹാമർ തകരാറിലായതും കേടുപാടുകൾ തീർത്ത ഹാമറിൽ ഉൽപാദന നിയന്ത്രണം ഏർപ്പെടുത്തിയതുമാണ് 2012 -13 സാമ്പത്തിക വർഷത്തിൽ ലാഭം കുറയുവാനുള്ള പ്രധാന കാരണം.

ഡിസംബറിൽ 2013 ൽ പുതിയ 16 ടൺ ഹാമർ പ്രവർത്തനമാരംഭിച്ചതോടുകൂടി കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെട്ടു വരുന്നു.

## ട്രാൻസ്ഫോർമേർസ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് (റ്റി.ഇ.എൽ.കെ)

ഇന്ത്യയിലെ ഊർജ്ജ വിതരണ ഉൽപാദന രംഗത്ത് ഉണ്ടായിട്ടുള്ള മാന്ദ്യം കമ്പനിയുടെ വിറ്റുവരവിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. മേഖലയിലുണ്ടായിട്ടുള്ള തളർച്ച ഉൽപന്നത്തിൻെറ വിലയിടിവിനും അതുമൂലം കമ്പനിയുടെ ലാഭത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതിനും കാരണമായി.

* കയറ്റുമതിയും ആഭ്യന്തര വിൽപ്പനയും മെച്ചപ്പെടുത്തുവാനും കമ്പനിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് (റ്റി.റ്റി.പി.എൽ)

മത്സരാധിഷ്ഠിത വിപണിയും, കമ്പോള വിലയിൽ വന്ന ഗണ്യമായ ഇടിവും, ഉത്പന്നത്തിൻെറ ഉപഭോക്താക്കളായ പെയിൻറ്, പ്ലാസ്റ്റിക് തുടങ്ങിയ വ്യവസായങ്ങളുടെ കുറഞ്ഞ വളർച്ചാനിരക്കും, ഉത്പന്നത്തിൻെറ ആവശ്യകതയിൽ വന്ന ഗണ്യമായ കുറവുമാണ് 2012-13 കാലയളവിൽ ലാഭം കുറയാൻ കാരണം.

കമ്പനിയുടെ പ്രവർത്തനത്തെ ബാധിക്കുന്ന മേൽ സൂചിപ്പിച്ച പ്രതികൂല സാഹചര്യങ്ങളെ നേരിടുന്നതിനായി കമ്പനിയുടെ ഉത്പാദന മാനേജ്മെൻറ് മെച്ചപ്പെടുത്തുന്നതിനും, ഉയർന്ന വിഭവക്ഷമതയും/ ഉത്പാദനക്ഷമതയും ഉറപ്പുവരുത്തി ചെലവു കുറയ്ക്കുന്നതിനും, മെച്ചപ്പെട്ട വിപണനതന്ത്രങ്ങളും, വില നിർണ്ണയനയങ്ങളിലെ സന്നദ്ധ പ്രതികരണരീതികളും ആവിഷ്കരിച്ച നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ